**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1592** **05-07-2022 - ൽ മറുപടിയ്ക്ക്**

**അധിവർഷ ആനുകൂല്യം അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കർഷക തൊഴിലാളികൾക്കായി അധിവർഷ ആനുകൂല്യം ഏർപ്പെടുത്തിയതെന്ന് മുതലാണ്; | (എ) | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകൃതമായ 1990 വർഷം മുതൽ അധിവർഷാനുകൂല്യം നൽകി വരുന്നുണ്ട്. |
| (ബി) | അധിവർഷ ആനുകൂല്യം അനുവദിക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം; എത്ര രൂപയാണ് ഈ ഇനത്തിൽ കർഷകർക്ക് ലഭിക്കുക; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമായ തൊഴിലാളി കുടിശ്ശികയില്ലാതെ 3 വർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുണ്ടെങ്കിൽ 60 വയസ്സ് പൂർത്തിയാകുമ്പോൾ അതിനാനുപാതികമായി പ്രതിവർഷം 625/- രൂപ വീതം, പരമാവധി 25,000/- രൂപ വരെ അധിവർഷാനുകൂല്യമായി നല്കുന്നു. (അടച്ച വർഷം x 625/- രൂപ). |
| (സി) | സംസ്ഥാനത്ത് കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള അധിവർഷ ആനുകൂല്യത്തിന്റെ വിതരണം നിലച്ചിട്ട് എട്ടുവർഷമായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. 2009-10 കാലയളവിൽ അതു വരെയുള്ള അധിവർഷാനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിലേയ്ക്കായി സർക്കാർ 114.9 കോടി രൂപ മൂന്നു ഗഡുക്കളായി നൽകുകയും 2011 വരെയുള്ള ആനുകൂല്യ വിതരണം പൂർത്തിയാക്കുകയും ചെയ്തിരുന്നു. തുടർന്നുള്ള അഞ്ച് വർഷക്കാലം നാമമാത്രമായ തുക മാത്രമാണ് ബോർഡിന് ലഭ്യമായതെന്നതിനാൽ ടി കാലയളവിൽ അധിവർഷാനുകൂല്യ വിതരണം കുടിശ്ശികയായി നിലനിന്നു. തുടർന്ന് വന്ന സർക്കാർ 2017-18 കാലഘട്ടത്തിൽ 30 കോടി രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ 100 കോടി രൂപയും 2021-22 സാമ്പത്തിക വർഷത്തിൽ 20 കോടി രൂപയും അധിവർഷാനുകൂല്യ വിതരണത്തിനായി അനുവദിക്കുകയും ആയതിന്റെ വിതരണം പൂർത്തിയാക്കുകയും ചെയ്തതിനാൽ നിലവിൽ 2014 ഡിസംബർ മാസം വരെയുള്ള അപേക്ഷകൾ ബോർഡ് തീർപ്പാക്കിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ ബോർഡിന് 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ, മാരകരോഗ ബാധിതരായ അംഗങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | അധിവർഷാനുകൂല്യമിനത്തിൽ ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും ഉടനടി ആനുകൂല്യ വിതരണം ചെയ്തു വരുന്നുണ്ട്. |
| (ഡി) | ഫണ്ടിന്റെ അഭാവമാണോ ഈ ആനുകൂല്യം വിതരണം ചെയ്യുന്നതിന് തടസ്സമായിരിക്കുന്നത്; എങ്കിൽ പ്രളയം, കോവിഡ് പ്രതിസന്ധി എന്നിവമൂലം ദുരിതത്തിലായിരിക്കുന്ന കർഷകർക്ക് അടിയന്തര സഹായമായി അധിവർഷ ആനുകൂല്യം വിതരണം ചെയ്യുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | ഒരു തൊഴിലാളി ഒരു വർഷം 240/- രൂപ അംശദായം അടയ്ക്കുമ്പോൾ 625/- രൂപയാണ് തിരികെ ആനുകൂല്യമായി നൽകി വരുന്നത്. 2018 പ്രളയത്തിനുശേഷം അധിവർഷാനുകൂല്യ വിതരണത്തിന് 100 കോടി രൂപ ധനസഹായം അനുവദിച്ചിരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ അധിവർഷാനുകൂല്യ വിതരണത്തിനായി അനുവദിച്ച 20 കോടി രൂപയുടെ വിതരണം പൂർത്തിയാക്കിയിട്ടുള്ളതും 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ 100 കോടി രൂപ പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. കോവിഡ് പശ്ചാത്തലത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ 5,53,041 അംഗങ്ങൾക്ക് 1,000/- രൂപ വീതം 55,30,41,000/- രൂപയും 2021-22 സാമ്പത്തിക വർഷത്തിൽ 5,57,621 അംഗങ്ങൾക്ക് 1,000/- രൂപ വീതം 55,76,21,000/- രൂപയും കോവിഡ് ധനസഹായമായി നൽകിയിരുന്നു. കൂടാതെ, ബോർഡിന്റെ തനത് ഫണ്ടിൽ നിന്ന് കോവിഡ് ബാധിതരായ 3,095 അംഗങ്ങൾക്ക് 7,500/- രൂപ വീതം 2,32,12,500/- രൂപയും നിരീക്ഷണത്തിൽ കഴിഞ്ഞ 603 അംഗങ്ങൾക്ക് 1,000/- രൂപ വീതം 6,03,000/- രൂപയും ഉൾപ്പെടെ ആകെ 2,38,15,500/- രൂപ ധനസഹായമായി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ